<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *437 29.06.2012 ൽ മറുപടിയ്ക്ക്

# കാർഷികരംഗത്ത് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ

<u>ചോദ്യം</u>

ശ്രീ. എം. എ. ബേബി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. എം. ആരിഫ്
,, രാജു എബ്രഹാം

<u>മറുപടി</u>

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**(എ)** കാർഷിക രംഗത്ത് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ സംസ്ഥാനത്തെ കർഷകരെ ഏതെല്ലാം നിലകളിൽ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

**(എ)** പരിശോധിച്ചിട്ടുണ്ട്. രാസവളങ്ങളുടെ വില വർദ്ധനവ് സംസ്ഥാനത്തെ എല്ലാത്തരം കർഷകരേയും വളരെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

**(ബി)** ഏതെല്ലാം കൃഷികളിൽ ഏർപ്പെട്ട കർഷകർക്ക് എന്തെല്ലാം നിലയിലുള്ള പ്രയാസങ്ങളാണ് ഇപ്പോൾ നേരിടേണ്ടി വരുന്നതെന്ന് വെളിപ്പെടുത്താമോ;

**(ബി)** എല്ലാത്തരം കർഷകരേയും പ്രതികൂലമായി ബാധിച്ച പ്രശ്നമാണ് രാസവള വില വർദ്ധന. വില വർദ്ധനമൂലം കർഷകർ കൃഷിയിടങ്ങളിൽ ചേർക്കുന്ന വളത്തിന്റെ അളവു കുറയാനും അതുവഴി ഉൽപ്പാദനം കുറയുന്നതിനും ഇടയുണ്ട്.

**(സി)** കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്ന നിലപാടുകളിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

**(സി)** രാസവള വിലവർദ്ധനവുമൂലം കേരളത്തിലെ കർഷകർ പ്രതിസന്ധിയിലായിരിക്കുകയാണ്. ആയതിനാൽ രാസവള വില നിയന്ത്രിക്കുന്നതിനായി, വളം കമ്പനികളുടെമേൽ ഉണ്ടായിരുന്ന നിയന്ത്രണം എടുത്തുകളഞ്ഞ നടപടി പുനഃപരിശോധിച്ച് നിയന്ത്രണം പുനസ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ